LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മൃഗശാല വികസനം

218(2272) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയുടെ വികസനത്തിന് 2011 മുതൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയതായി ഏതെല്ലാം മൃഗങ്ങളെയാണ് പ്രസ്തുത കാലയളവിൽ കൊണ്ടുവന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൃഗശാലയുടെ അടുത്ത 20 വർഷത്തെ വികസനം മുന്നിൽ കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചു. അനാക്കോണ്ട, കേഴമാൻ, നീലക്കാള, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി എന്നീ മൃഗങ്ങൾക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം പൂർത്തികരിച്ചു. അക്വേറിയം നവീകരണം, ജലപ്പക്ഷികളുടെ കൂട് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വാക്കിടോക്കി, സർവയലൻസ് ക്യാമറ, വലിയ കുളത്തിൽ ഫൗണ്ടേൻ എന്നിവ സ്ഥാപിക്കുകയും ഏഴ് ബാറ്ററി വാഹനങ്ങൾ വാങ്ങുകയുമുണ്ടായി. മാസ്റ്റർ പ്ലാൻ പ്രകാരം പുതിയതായി നിർമ്മിക്കാനുള്ള പരിബന്ധനങ്ങൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. സന്ദർശകരുടെ സൗകര്യാർത്ഥം കൂടുതൽ ടോയിലറ്റ് ബ്ലോക്കുകൾ, കുടിവെള്ള കിയോസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

2011-12	-	7,75,00,000 രൂപ
2012-13	-	10,57,94,227 രൂപ
2013-14	-	11,75,84,846 രൂപ
2014-15	-	10,07,48,805 രൂപ
2015-16	-	7,97,47,223 രൂപ

(സി) ഈ സർക്കാരിന്റെ കാലയളവിൽ വെള്ളകൃഷ്ണ മൃഗങ്ങൾ, വെള്ളക്കടുവകൾ, കേഴമാനുകൾ, നീലക്കാളകൾ, ഇന്ത്യൻ കാട്ടുപോത്തുകൾ, കാട്ടുകോഴികൾ, വൈറ്റ് ഐബിസുകൾ, പെയിന്റഡ് സ്റ്റോർക്കുകൾ, കോമൺ മാർമോസെറ്റുകൾ, ബാരാസിംഗകൾ, റോസിപെലിക്കണുകൾ, മുള്ളൻ പന്നികൾ, വാത്തകൾ (വെള്ള), റീസസ് കുരങ്ങുകൾ, കരിങ്കുരങ്ങുകൾ, മലയണ്ണാനുകൾ, ഹിമാലയൻ കഴുകന്മാർ, നക്ഷത്ര ആമകൾ, മണ്ണുലി പാമ്പുകൾ, അനാകോണ്ടകൾ എന്നിവയെ കൊണ്ടു വന്നിട്ടുണ്ട്.